# പതിമൂന്നാം കേരളനിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2167 — 22.01.2014 ന് മറുപടിയ്ക്ക്.

## ഗോത്രവർഗ്ഗ കർഷകരെ മാറ്റി പാർപ്പിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.വർക്കല കഹാർ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ)വനവാസികളുടേയും വനാതിർത്തിയിൽ താമസിക്കുന്ന സമൂഹങ്ങളുടെയും കഷ്ടനഷ്ടങ്ങൾ കുറയ്ക്കാൻ എന്തെല്ലാം പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്; വിശദമാക്കുമോ; | (എ) വനവാസികളുടേയും വനാതിർത്തിയിൽ താമസിക്കുന്ന സമൂഹങ്ങളുടേയും കഷ്ടനഷ്ടങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായി വനസംരക്ഷണ നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് വന്യജീവി ആക്രമണം മൂലം ജീവനും, സ്വത്തിനുമുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്കും വിളനാശത്തിനും നഷ്ടപരിഹാരം വനം വകുപ്പ് നൽകി വരുന്നുണ്ട്. കൂടാതെ അപകടമരണം/അംഗവൈകല്യം, പ്രകൃതിദുരന്തം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ എന്നിവയ്ക്ക് വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന് ഇൻഷ്വറൻസ് പരിരക്ഷ നൽകിവരുന്നു. കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്താൽ നടപ്പിലാക്കിവരുന്ന പദ്ധതികളായ ദേശീയ വനവൽക്കരണ പരിപാടി, ദേശീയ ബാംബൂ മിഷൻ സ്കീം, ദേശീയ ഔഷധസസ്യ ബോർഡ് പദ്ധതി എന്നിവ വഴി ആദിവാസികൾ ഉൾപ്പെടെയുള്ള വനാശ്രിത സമൂഹങ്ങൾക്ക് പരമാവധി തൊഴിൽ നൽകി വരുന്നു. കേരള സംസ്ഥാന പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് ഇടുക്കിയിലെ ഇടമലക്കുടി, മുതുവാ വിഭാഗത്തിന്റേയും, പാലക്കാട് അട്ടപ്പാടിയിലെ കുറുമ്പ വിഭാഗത്തിന്റേയും സമഗ്ര വികസനത്തിനായി വനം വകുപ്പ് പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി)ഇതിനായി വന്യജീവി ശല്യമുള്ള പ്രദേശങ്ങളിൽ താമസിക്കുന്ന ഗോത്രവർഗ്ഗ കർഷകരെ മാറ്റി പാർപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) വന്യമൃഗസങ്കേതങ്ങൾക്കുള്ളിൽ താമസിക്കുന്ന ഗോത്ര വർഗ്ഗക്കാരുൾപ്പെടെയുള്ള സന്നദ്ധരായ കുടുംബങ്ങളെ മാറ്റി താമസിപ്പിക്കുന്ന പദ്ധതി കേന്ദ്ര സർക്കാർ നടപ്പിലാക്കി വരുന്നുണ്ട്. ഈ പദ്ധതി |

പ്രകാരം രണ്ടു രീതിയിലുള്ള നഷ്ടപരിഹാരം നൽകിയാണ് കുടുംബങ്ങളെ മാറ്റി താമസിപ്പിക്കുന്നത്. അവ താഴെ പറയുന്ന പ്രകാരമാണ്.

ഓപ്ഷൻ 1 – ഈ ഓപ്ഷൻ അനുസരിച്ച് വനം വകുപ്പിന്റെ മാറ്റി പാർപ്പിക്കൽ പുനരധിവാസം ഇല്ലാതെ ഓരോ അർഹതപ്പെട്ട കുടുംബവും 10 ലക്ഷം രൂപാ സ്വീകരിച്ച് സ്വയം ഒഴിഞ്ഞ് പോകേണ്ടതാണ്.
ഓപ്ഷൻ 2 – ഈ ഓപ്ഷൻ അനുസരിച്ച് പുനരധിവാസ പദ്ധതിയിലെ ഒഴിഞ്ഞുപോകുന്ന ഓരോ അർഹതപ്പെട്ട കുടുംബത്തിനും 10 ലക്ഷം രൂപാ നിരക്കിൽ കൃഷിഭൂമിയും, വീടും, സൗകര്യങ്ങളും മറ്റ് ആനുകൂല്യങ്ങളും തരപ്പെടുത്തി വനം വകുപ്പ് താഴെ പറയും പ്രകാരം പുനരധിവസിപ്പിക്കേണ്ടതാണ്.

| | |
|---|---|
| 1. രണ്ടുഹെക്ടർ കൃഷിഭൂമി വാങ്ങുന്നതിനും അതിന്റെ വികസനത്തിനും. | ഓപ്ഷൻ-2 പാക്കേജിൽ അനുവദനീയമായ 10 ലക്ഷം രൂപയുടെ 35% |
| 2. ഭൂമിയുടെ അവകാശം തീർപ്പാക്കുന്നതിലേക്കായി | പാക്കേജിന്റെ 30% |
| 3. വീട് വയ്ക്കാനുള്ള സ്ഥലവും വീട് നിർമ്മാണവും | പാക്കേജിന്റെ 20% |
| 4. ഇൻസെന്റീവ് | പാക്കേജിന്റെ 5% |
| 5. അടിസ്ഥാന സൗകര്യങ്ങൾ | പാക്കേജിന്റെ 10% |

മേൽ പദ്ധതികളിൽ, ഏത് തെരഞ്ഞെടുക്കണമെന്ന്; കൂട്ടമായി ചേർന്ന് തീരുമാനിക്കാനുള്ള അവകാശം അവിടത്തെ താമസക്കാർക്കാണ്. കേന്ദ്രസർക്കാരിൽ നിന്ന് ധനസഹായം ലഭിക്കുന്നതിനനുസരിച്ച് മാത്രമേ പദ്ധതി നടപ്പിലാക്കാൻ സാദ്ധ്യമാവുകയുള്ളൂ.

(സി)വനത്തിനുള്ളിലെ ഗോത്രവർഗ്ഗക്കാരും മറ്റ് സെറ്റിൽമെന്റുകളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള പരിശ്രമങ്ങൾ തുടരുമോ; വിശദമാക്കാമോ?

(സി) വനത്തിനുള്ളിലെ ഗോത്രവർഗ്ഗക്കാരുടെ മറ്റ് സെറ്റിൽമെന്റുകളുമായുള്ള ബന്ധം നിലവിൽ മെച്ചപ്പെട്ട രീതിയിലാണുള്ളത്. ഇതിലേക്കായി വനം വകുപ്പ് കൂടുതലായി എന്തെങ്കിലും ചെയ്യാൻ നിലവിൽ ഉദ്ദേശിക്കുന്നില്ല.

സെക്ഷൻ ഓഫീസർ